# സന്യാസത്തിന്റെ തുടക്കം

വൻതോതിലുള്ള പരിണാമം സംഭവിച്ച ഒരു *മനീഷിയെയാണ് തിരുവനന്തപുരത്ത് മടങ്ങിയെത്തിയ കുഞ്ഞൻപിള്ള ചട്ടമ്പിയിൽ അന്നാട്ടുകാർക്ക് കാണുവാൻ കഴിഞ്ഞത്. ലൗകികമായ ആസക്തികളൊന്നുംതന്നെ ആ യുവാവിന്റെ മനസ്സിനെ സ്പർശിച്ചതേയില്ല. താരുണ്യത്തെ മദിപ്പിക്കുന്ന വികാരങ്ങൾക്ക് ആ യുവാവിന്റെ മനസ്സിൽ പ്രവേശിക്കുവാൻ സാധിച്ചില്ല.

ബ്രഹ്മചര്യത്തിന്റെ കർശനമായ നിഷ്ഠകളിൽനിന്ന് ലഭിച്ച അമാനുഷമായ സിദ്ധികൾ അയാളിൽ അഭൗമമായ തേജസ്സും വീര്യവും ജ്വലിപ്പിച്ചു. സമ്പത്താർജ്ജിക്കുന്നതിനുള്ള യാതൊരു താല്പര്യവും അയാൾക്കില്ലാതായി. സുഖഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലങ്ങളാണെന്നു ഗ്രഹിച്ച കുഞ്ഞൻപിള്ള അതിന്റെ വിരുദ്ധ ദിശയിലുള്ള അനശ്വരമായ പാതയിലൂടെയാണ് സഞ്ചരിച്ചത്.

മാനവസംസ്കൃതിയുടെ ആത്മസത്ത നിലകൊള്ളുന്ന പ്രകാശഗോളത്തിനു നേർക്ക് ചട്ടമ്പിസ്വാമികളുടെ മനസ്സ് ചിറകടിച്ചുയർന്നു. ഒരു സാധാരണ പുരുഷനിൽനിന്ന് ആദ്ധ്യാത്മിക പുരുഷനിലേക്കുള്ള യാത്ര ചട്ടമ്പിസ്വാമികൾ ആരംഭിച്ചു കഴിഞ്ഞിരുന്നു.

കിട്ടുന്നത് കഴിക്കുക, ഇടം കിട്ടിയിടത്ത് കഴിയുക, സൗകര്യങ്ങളെക്കുറിച്ച് ആലോചിക്കാതെ ജീവിക്കുക ഇതായിരുന്നു ചട്ടമ്പിസ്വാമികളുടെ ജീവിതചര്യ. എല്ലാ അർത്ഥത്തിലും സന്യാസജീവിതം തന്നെയായിരുന്നു അത്. സാമൂഹ്യജീവിത

* ജ്ഞാനി (വിദ്വാൻ)

Scanned with CamScanner

ത്തിൽ നിഷ്കർഷിതമായ ചിട്ടവട്ടങ്ങളിലൊന്നും അദ്ദേഹം ഒതുങ്ങിനിന്നില്ല. ആ നിഷ്കർഷകൾ അർത്ഥശൂന്യങ്ങളാണെന്ന് അദ്ദേഹത്തിനു തോന്നി.

അമ്മയുടെ മരണത്തോടെ അദ്ദേഹം വീടുമായുള്ള ബന്ധം ഉപേക്ഷിച്ചിരുന്നു. അതോടെ അദ്ദേഹം പൂർണ്ണ *പരിവ്രാജക നായി. ആളുകൾ ഒത്തുകൂടിയിരുന്നിടത്തേക്കൊന്നും ചട്ടമ്പിയെ ക്ഷണിച്ചിരുന്നില്ല. പക്ഷേ അദ്ദേഹത്തെ കാണുമ്പോൾ അറിയാതെതന്നെ ആളുകൾ എഴുന്നേറ്റുനിന്നു. പരിവ്രാജകദീപ്തിയുടെ ഫലമായിരുന്നു അത്.

ആഴത്തിലുള്ള ഗ്രന്ഥപാരായണവും തെളിഞ്ഞ ചിന്തയും ഉറച്ച ധാരണകളും അദ്ദേഹത്തെ പണ്ഡിതലോകത്തിന്റെ ആരാധ്യപുരുഷനാക്കി. പ്രകാശിതങ്ങളും അപ്രകാശിതങ്ങളു മായ ഗ്രന്ഥങ്ങൾ അദ്ദേഹം വായിച്ചു. ആ വായന അദ്ദേഹത്തെ സഞ്ചരിക്കുന്ന വിജ്ഞാനകോശമാക്കിയെന്നു പറയുന്നതായി രിക്കും ഉചിതം.

ഈ സന്ദർഭത്തിൽ കുഞ്ഞൻപിള്ളക്ക് തിരുവനന്തപുരത്ത് പുതിയൊരു താവളം ലഭിച്ചു. കുഞ്ഞൻ ചട്ടമ്പിയുടെ അകന്ന ബന്ധത്തിലുള്ള സഹോദരനായിരുന്നു ഓവർസിയർ കേശവ പിള്ള. പൊതുമരാമത്തുവകുപ്പിൽ ഓവർസിയർ ആയിരുന്നു അദ്ദേഹം. തമ്പാനൂർ കല്ലുവീട്ടിൽനിന്നാണ് അദ്ദേഹം വിവാഹം കഴിച്ചിരുന്നത്.

കുറച്ചുകാലമായി കേശവപിള്ളയുടെ ഭാര്യയ്ക്ക് ഇടയ്ക്കിടെ പനി ബാധിക്കുക പതിവായിരുന്നു. പനി വരുന്നതോടെ ഉദര രോഗവും തലപൊക്കും. ചികിത്സാമുറകൾ പലതും പരീക്ഷിച്ചു നോക്കിയെങ്കിലും അതുകൊണ്ടൊന്നും രോഗശമനമുണ്ടായില്ല. അങ്ങനെ നിരാശനായിരിക്കുന്ന ഘട്ടത്തിലാണ് കുഞ്ഞൻപിള്ള വലിയ സിദ്ധികളാർജ്ജിച്ചുകൊണ്ട് തിരുവനന്തപുരത്ത് മടങ്ങി യെത്തിയിരിക്കുന്ന വിവരം കേശവപിള്ള അറിയുന്നത്.

* സന്ന്യാസി

Scanned with CamScanner

കേശവപിള്ള ഉടൻതന്നെ കുഞ്ഞൻ ചട്ടമ്പിയെ ചെന്നുകണ്ട് തന്റെ വീട്ടിലേക്ക് ക്ഷണിച്ചു. തന്റെ ഭാര്യയുടെ രോഗത്തിനുള്ള എന്തെങ്കിലും പ്രതിവിധി കണ്ടെത്താൻ കഴിയുമോ എന്നായിരുന്നു കേശവപിള്ളയുടെ അന്വേഷണം. കുഞ്ഞൻപിള്ള കേശവപിള്ളയുടെ വീട്ടിലെത്തി. മാന്ത്രികകർമ്മങ്ങൾ ചെയ്യുന്നതിൽ താല്പര്യമില്ലാത്ത ആളായിരുന്നു കുഞ്ഞൻപിള്ള. എന്നാൽ കേശവപിള്ളയുടെ ദയനീയാവസ്ഥ കുഞ്ഞൻപിള്ളയെ മാറി ചിന്തിക്കുവാൻ പ്രേരിപ്പിച്ചു.

ഒരു ചെറിയ മന്ത്രവാദത്തിലൂടെ കുഞ്ഞൻപിള്ള ആ സ്ത്രീക്കുണ്ടായിരുന്ന രോഗപീഡയ്ക്ക് ശമനമുണ്ടാക്കി. ആ സ്ത്രീക്കത് പുനർജന്മം കിട്ടിയതുപോലെയായിരുന്നു. കേശവപിള്ളയ്ക്കും ഭാര്യയ്ക്കും കുഞ്ഞൻപിള്ള ദൈവതുല്യനായി. താമസിയാതെ ആ വീട് കുഞ്ഞൻപിള്ളയുടെയും കൂടി വീടായി മാറി. തിരുവനന്തപുരത്തുള്ളപ്പോഴെല്ലാം അദ്ദേഹം ആ വീട്ടിൽ താമസിച്ചു.

അദ്ദേഹത്തെതേടി നിരവധി ആരാധകർ ആ വീട്ടിലേക്കു വരുമായിരുന്നു. ആ വീട്ടിൽ താമസിച്ചുകൊണ്ടുതന്നെ കുഞ്ഞൻപിള്ള ചട്ടമ്പി ചില ഹ്രസ്വദൂര യാത്രകൾ നടത്തുക പതിവായിരുന്നു. യാത്രകൾ ഭൂരിഭാഗവും രാത്രിയിലായിരുന്നു. ഉള്ളൂർ, നേമം, തിരുവല്ലം എന്നിങ്ങനെ ഒരു രാത്രികൊണ്ടു പോയി മടങ്ങിവരാവുന്ന സ്ഥലങ്ങളിലേക്കായിരുന്നു ആ യാത്രകൾ. സമ്പന്നവും അഭിജാതവുമായ വീടുകളിൽ വല്ല അപൂർവ്വ ഗ്രന്ഥങ്ങളും ഉണ്ടെങ്കിൽ അതൊന്നു വായിച്ചു നോക്കാമെന്നുള്ള ലക്ഷ്യത്തോടെയായിരുന്നു ആ രാത്രി യാത്രകൾ.

വെയിലിനോട് ഒട്ടും മമതയില്ലാതിരുന്നതിനാൽ പകൽ യാത്ര കുറവായിരുന്നു. സന്ധ്യ കഴിഞ്ഞ് തിരിച്ചാൽ പുലരുമ്പോഴേക്കും മടങ്ങിവരാവുന്ന വിധത്തിലുള്ള യാത്ര. എന്നാൽ എപ്പോൾ വരുമെന്നോ പോകുമെന്നോ ആർക്കും കൃത്യമായി അദ്ദേഹത്തിന്റെ യാത്രയെക്കുറിച്ച് പ്രവചിക്കുവാൻ കഴിയില്ലായിരുന്നു. ഇഴജന്തുക്കളെയോ മറ്റ് ക്ഷുദ്രജീവികളെയോ ചട്ടമ്പിസ്വാമികൾക്ക് ഭയമില്ലായിരുന്നു.

Scanned with CamScanner

ഒഴിയാബാധകൾ ഒഴിപ്പിച്ചും മാറാരോഗങ്ങൾക്ക് ശമനം വരുത്തിയും വൈദ്യനായും മാന്ത്രികനായും സിദ്ധനായും കുറച്ചു കാലംകൊണ്ട് ചട്ടമ്പിസ്വാമികൾ പ്രശസ്തിനേടി. അനുഭവസ്ഥരായ ആളുകൾ വർദ്ധിച്ചതോടെ അതിശയോക്തി കലർന്ന കഥകൾ നാടാകെ പ്രചരിച്ചു. സ്വാമികളെ ദംശിച്ച ഒരു സർപ്പം ചത്തുപോയ കഥയും ഇതിലുൾപ്പെട്ടു. മൃഗങ്ങൾ സ്വാമികളെ അനുസരിക്കാറുണ്ടെന്നുള്ള കഥകളും തിരുവനന്തപുരത്ത് പ്രചരിച്ചു. എന്നാൽ അതൊന്നും പറഞ്ഞ് മേനി നടിച്ച് നടക്കുവാൻ ചട്ടമ്പിസ്വാമികൾക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. വിജ്ഞാനം എങ്ങനെ വർദ്ധിപ്പിക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആലോചന.

തെക്കൻ തിരുവിതാംകൂറിലെ പ്രശസ്ത തന്ത്രിമാരായിരുന്നു കൂപക്കരപോറ്റിമാർ. കൂപക്കര മഠത്തിൽ നിരവധി തന്ത്രഗ്രന്ഥങ്ങൾ ഉണ്ടെന്ന വിവരം ചട്ടമ്പിസ്വാമികൾക്ക് ലഭിച്ചു. മഠത്തിലെ ഗ്രന്ഥാലയത്തിന്റെ കാര്യസ്ഥനോട് തന്നെ സഹായിക്കണമെന്ന് സ്വാമി അഭ്യർത്ഥിച്ചു. അയാളുടെ സഹായത്തോടെ സ്വാമികൾ അവയെല്ലാം പരിശോധിക്കുകയും വളരെ പ്രധാനപ്പെട്ട വിവരങ്ങളെല്ലാം കുറിച്ചെടുക്കുകയും ചെയ്തു.

തന്ത്രിമാർ രഹസ്യമാക്കി വെച്ചിരുന്ന ക്ഷേത്രാനുഷ്ഠാനവിധികളും പൂജാവിധികളും പ്രതിഷ്ഠാവിധികളും ശ്രീഭൂതബലി, ഉത്സവബലി തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട തന്ത്രവിജ്ഞാനവും സ്വാമികൾ മനസ്സിലാക്കിയത് ആ ഗ്രന്ഥ പരിശോധനയിലൂടെയാണ്. പിൽക്കാലത്ത് അവ സ്വാമികൾക്കു മാത്രമല്ല കേരളത്തിലെ ഹൈന്ദവ സമൂഹത്തിനുതന്നെ പ്രയോജനകരമായിതീർന്നു.

കുഞ്ഞൻപിള്ള തങ്ങളുടെ ഗ്രന്ഥങ്ങളെല്ലാം വായിച്ച് ഹൃദിസ്ഥമാക്കിയെന്നുകണ്ട കൂപക്കര പോറ്റിയില്ലത്തെ മുതിർന്ന തന്ത്രി കുഞ്ഞൻപിള്ളയെ പരീക്ഷിക്കുവാനായി തന്ത്രസമുച്ചയത്തിലെ ചില സങ്കീർണ്ണമായ കാര്യങ്ങൾ ചോദിച്ചു. കുഞ്ഞൻപിള്ള അതിന് കൃത്യമായ ഉത്തരം പറഞ്ഞപ്പോൾ പോറ്റി അതി

Scanned with CamSca

ശയിച്ചുപോയി. ചട്ടമ്പിയല്ല 'ഒരു വിദ്യാധിരാജൻ തന്നെ' എന്നാണ് പോറ്റി അതിനോട് പ്രതികരിച്ചത്. അങ്ങനെയാണ് ചട്ടമ്പിക്ക് വിദ്യാധിരാജൻ എന്ന വിശേഷണം ലഭിച്ചത്.

ഓവർസിയർ കേശവപിള്ളയ്ക്ക് വാമനപുരത്തേക്ക് താമസം മാറ്റേണ്ടതായി വന്നു. സ്വാമിയുടെ പ്രവർത്തനരംഗവും അവിടേക്കു മാറി. ചട്ടമ്പിസ്വാമികൾക്കാവശ്യമുള്ളതെല്ലാം കേശവപിള്ള വാങ്ങിച്ചുകൊടുത്തു. കൽക്കട്ടയിൽനിന്നും ബനാറസിൽനിന്നും വിലപ്പെട്ട പല പുസ്തകങ്ങളും കേശവപിള്ള സ്വാമികൾക്ക് വരുത്തി കൊടുത്തിരുന്നു.

വാമനപുരത്ത് താമസമാക്കിയതിനുശേഷവും സ്വാമി പല ദിക്കുകളിലേക്കും ഹ്രസ്വയാത്ര നടത്തി. പണ്ഡിതന്മാരുടെ വീടുകളിലെ അപൂർവ്വ ഗ്രന്ഥങ്ങൾ തേടിയായിരുന്നു ആ യാത്രകൾ. നാടോടിപ്പാട്ടുകൾ, ഐതിഹ്യങ്ങൾ, ഭൂമിശാസ്ത്രവിഷയങ്ങൾ എന്നിവ സ്വാമിയുടെ ഇഷ്ടഗവേഷണ വിഷയങ്ങളായിരുന്നു. ഈ യാത്രകളിൽ കഥകളിയിൽ ദമയന്തി വേഷം കെട്ടി പ്രശസ്തനായിതീർന്ന ദമയന്തി നാരായണപിള്ള സ്വാമിയുടെ അനുഗാമിയായി.

കിളിമാനൂരിൽവെച്ചാണ് സ്വാമികൾ മന്ത്രവാദത്തിലും ജ്യോത്സ്യത്തിലും ഉപരിപഠനം നടത്തിയത്. അവുങ്കൽ കേശവനാശാൻ എന്ന പ്രഗത്ഭപണ്ഡിതന്റെ അടുത്താണ് സ്വാമി അത്തരം കാര്യങ്ങളിൽ സംശയനിവൃത്തി വരുത്തിയത്. ചിറയൻകീഴ് ഗോവിന്ദപിള്ള ചട്ടമ്പി, കാവുങ്കൽ കൊച്ചുരാമൻ വൈദ്യർ എന്നിവരും അപ്പോൾ കേശവനാശാന്റെ കൂടെയുണ്ടായിരുന്നു. അവരുമായും സ്വാമി ആശയവിനിമയം നടത്തിയിരുന്നു.

മരുത്വാമലയിൽവെച്ചാണ് ചട്ടമ്പിസ്വാമികൾ കായകല്പസേവ ആരംഭിച്ചത്. എന്നാൽ അദ്ദേഹം അത് പൂർത്തിയാക്കിയത് വാമനപുരത്ത് വെച്ചായിരുന്നു. ആ പ്രദേശത്തുള്ള അപൂർവ്വ സസ്യങ്ങൾ കണ്ടാൽ അതിൽനിന്ന് ഇലകൾ പറിച്ച് ചവച്ച് രുചിച്ചു നോക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഇത് കണ്ട് ചില

Scanned with CamScanner

ഗ്രാമീണസ്ത്രീകൾ ഇദ്ദേഹത്തിന് ആട് കുഞ്ഞൻപിള്ള എന്ന കളിപ്പേര് നൽകിയിരുന്നു.

വാമനപുരത്തെ ചട്ടമ്പിസ്വാമികളുടെ താമസത്തിന് കേരള ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവത്തിന് ഹേതുവാകുവാൻ കഴിഞ്ഞു. കേരളത്തിന്റെ നവോത്ഥാന നായകന്മാരിലൊരാളായ ശ്രീനാരായണഗുരുവുമായി ചട്ടമ്പിസ്വാമികൾ സന്ധിക്കുന്നത് ഇവിടെവെച്ചാണ്.

Scanned with CamScanner